## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1976 — 11.02.2020 ൽ മറുപടിക്ക്

## ദേശീയ ജനസംഖ്യ കണക്കെടുപ്പിനായുള്ള മുന്നൊരുക്കങ്ങൾ

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ദേശീയ ജനസംഖ്യാ കണക്കെടുപ്പ് നടത്തുന്നതിലേയ്ക്കായുള്ള സംസ്ഥാന സർക്കാർ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ; | (എ) | ജനസംഖ്യാ കണക്കെടുപ്പ് സുഗമമായി നടത്തുന്നതിനായി രജിസ്ട്രാർ ജനറൽ & സെൻസസ് കമ്മീഷണറുടെ നിർദ്ദേശമനുസരിച്ച് മുൻകാലങ്ങളിലെ പോലെ താഴെപറയുന്ന നടപടികൾ ഇതിനകം സംസ്ഥാന സർക്കാർ സ്വീകരിച്ച് കഴിഞ്ഞു.<br>i) 21.08.2019 ലെ എസ്.എസ്.1/19/2019/പൊ.ഭ.വ നമ്പർ നോട്ടിഫിക്കേഷൻ 24.08.2019 ലെ 1951 നമ്പർ കേരള ഗസറ്റിൽ പ്രകാരം ജനസംഖ്യാ കണക്കെടുപ്പ് (Census) -2021 പ്രക്രിയ നടപ്പിലാക്കുന്നതിനുള്ള കേന്ദ്ര സർക്കാർ വിജ്ഞാപനം കേരളാ ഗസറ്റിൽ പുനഃപ്രസിദ്ധീകരിച്ചു.<br>ii) സംസ്ഥാന തലത്തിൽ സെൻസസ് പ്രവർത്തനങ്ങൾ ഏകോപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായിട്ടുള്ള സംസ്ഥാനതല സെൻസസ് ഏകോപന സമിതി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി രണ്ടുതവണ കൂടി ജനസംഖ്യാ കണക്കെടുപ്പുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനം വിലയിരുത്തുകയും ചെയ്തു.<br>iii)2021 ലെ ജനസംഖ്യാ കണക്കെടുപ്പിനു മുന്നോടിയായുള്ള പ്രീ-ടെസ്റ്റ് 2019 ആഗസ്റ്റ് സെപ്തംബർ മാസങ്ങളിലായി മൂന്ന് ജില്ലകളിൽ (തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം) നടത്തുകയുണ്ടായി.<br>iv) വിവിധ തട്ടുകളിലുള്ള സംസ്ഥാന സർക്കാർ ജീവനക്കാരെ സെൻസസ് പ്രവർത്തനങ്ങൾക്കും ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനും വേണ്ടി നിയമിച്ച് ഉത്തരവായി.<br>v) സെൻസസ് പ്രവർത്തനങ്ങളിലേർപ്പെടുന്ന ഉദ്യോഗസ്ഥരെ സെൻസസ് പ്രക്രിയ |

| | | | |
|---|---|---|---|
| | | | പൂർത്തിയാകുന്നതുവരെ അതായത് 2021 മാർച്ച് 31 വരെ അത്യാവശ്യ ഘട്ടങ്ങളിലല്ലാതെ സ്ഥലംമാറ്റാൻ പാടില്ലെന്ന പൊതു നിർദ്ദേശം പുറപ്പെടുവിച്ചു.<br>vi) ജനസംഖ്യാ കണക്കെടുപ്പിന്റെ ആദ്യ ഘട്ടത്തിൽ വിവരശേഖരണത്തിനായി ജനങ്ങളോട് ചോദിക്കുന്ന 31 ചോദ്യങ്ങൾ അടങ്ങിയ ചോദ്യാവലി വിജ്ഞാപനം ചെയ്തു.<br>vii) അതത് ജില്ലകളിലെ പ്രിൻസിപ്പൽ സെൻസസ് ഓഫീസർമാരായ ജില്ലാ കളക്ടർമാരുമായി 2020 ഫെബ്രുവരി 5-ാം തീയതി ചീഫ് സെക്രട്ടറി വീഡിയോ കോൺഫറൻസ് മുഖാന്തിരം ചർച്ചകൾ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സെൻസസ് ചോദ്യാവലികൾ, മൊബൈൽ ആപ്പ് എന്നിവ സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് സെൻസസ് ഓപ്പറേഷൻസ് ഡയറക്ടർ വിശദാംശം നൽകുകയും ചെയ്തു. |
| (ബി) | ഇതോടനുബന്ധിച്ച് എന്യൂമറേറ്റർമാരെ നിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വിഭാഗം ഉദ്യോഗസ്ഥർ/ സന്നദ്ധസേവകരെയാണ് ഇതിനായി നിയോഗിക്കാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. അംഗനവാടി ടീച്ചർമാർ അടക്കമുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർ മറ്റ് സർക്കാർ / അർദ്ധ സർക്കാർ ജീവനക്കാർ എന്നിവരെയാണ് എന്യൂമറേറ്റർമാരായി നിയമിക്കുന്നത്. |
| (സി) | സെൻസസിനായുള്ള വിവര ശേഖരണത്തിൽ സുതാര്യതയും ഐക്യരൂപ്യവും ഉറപ്പുവരുത്താൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (സി) | ഉണ്ട്. സെൻസസിനായുള്ള വിവര ശേഖരണത്തിൽ സുതാര്യതയും ഐക്യരൂപ്യവും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജനസംഖ്യാ കണക്കെടുപ്പിന്റെ ആദ്യ ഘട്ടത്തിൽ വിവരശേഖരണത്തിനായി ജനങ്ങളോട് ചോദിക്കുന്ന 31 ചോദ്യങ്ങൾ അടങ്ങിയ ചോദ്യാവലി കേരള ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| (ഡി) | സെൻസസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി സംസ്ഥാനതല/ ജില്ലാതല നോഡൽ ഓഫീസർമാരെ നിയമിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാന തലത്തിൽ സെൻസസ് പ്രവർത്തനങ്ങൾ ഏകോപ്പിക്കുന്നതിനായി പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ സ്റ്റേറ്റ് നോഡൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ നടപടികൾ ഏകോപിപ്പിക്കുന്നത് അതത് ജില്ലാ കളക്ടർമാരാണ്. ഇവരെ അതത് ജില്ലകളിലെ പ്രിൻസിപ്പൽ സെൻസസ് ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ